

# ഇതു കളി വേറെയാണ്...!

വി. റജികുമാർ

ഒരടി ഒരടിയാണ്, വോളിബോളിൽ. പവർ ഗെയിം. ഇതു കേരളത്തിൽ ജന്മം കൊണ്ടതല്ല. എന്നാൽ കേരളത്തിന്റെ സ്വന്തം കളിയേത് എന്ന ചോദ്യത്തിന് എനിക്ക് ഒറ്റ ഉത്തരമേയുള്ളൂ- വോളിബോൾ. ഇതു കളി വേറെയാണ്..!

പറയുന്നതു മെഗാസ്റ്റാർ മമ്മൂട്ടി. വെറുതെ പറയുക മാത്രമല്ല, വോളിബോളിന്റെ പ്രചാരണത്തിനു തന്നാലാവുന്നതു ചെയ്യാനും മമ്മൂട്ടി മുന്നിട്ടിറങ്ങിയിരിക്കുന്നു. ഫെബ്രുവരിയിൽ നടക്കുന്ന കേരള വോളിബോൾ ലീഗിന്റെ ബ്രാൻഡ് അംബാസഡറും പ്രൊമോട്ടറുമാണിപ്പോൾ മലയാളിയുടെ സ്വന്തം താരം.

എന്തുകൊണ്ട് വോളിബോൾ എന്ന ചോദ്യത്തിനു മമ്മൂട്ടിക്ക് ഒരു പാട് ഉത്തരങ്ങളുണ്ട്. സിംപിൾ ഗെയിം. അതാണ് ആദ്യ ഉത്തരം. ആർക്കും എളുപ്പം മനസിലാക്കാവുന്ന നിയമങ്ങൾ. കടുപ്പമുള്ള ചിട്ടവട്ടങ്ങളൊന്നുമില്ല. നൂലാമാലകളില്ല. കളിക്കാനും കാണാനും ലളിതം. ശക്തിയാണു പ്രധാനം. അതും വോളിബോളിലേയ്ക്ക് എന്നെ ആകർഷിച്ചു. ക്രിക്കറ്റിനോട് തീരെ താത്പര്യമില്ല. വേറൊന്നുമല്ല, അതിന്റെ ദൈർഘ്യംതന്നെ കാരണം. ഏതു കളിയായാലും രണ്ടുമണിക്കൂറിനുള്ളിൽ അവസാനിക്കണം. എനിക്കിഷ്ടം വോളിബോളും ബാസ്കറ്റ് ബോളുമാണ്. എന്നാൽ പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ അന്യംനിന്നു പോയേക്കാവുന്ന കളിയുമാണു വോളിബോൾ- മമ്മൂട്ടി നയം വ്യക്തമാക്കുന്നു.

മമ്മൂട്ടിയുടെ ബാപ്പ നല്ലൊരു വോളിബോൾ കളിക്കാരനായിരുന്നു. മകനും ചെറുപ്പത്തിൽ ആ കളിയിലേക്ക് ആകർഷിക്കപ്പെട്ടതു സ്വാഭാവികം. നല്ലൊരു വോളിബോൾ താരമായിരുന്നു മമ്മൂട്ടി, അദ്ദേഹം അതു സമ്മതിക്കില്ലെങ്കിലും. ചെറുപ്പത്തിൽ മുതിർന്നവർ കളിക്കുമ്പോൾ ഔട്ട് പെറുക്കി പരിചയമുണ്ടെന്നാണു താനും വോളിബോളും തമ്മിലുള്ള ബന്ധത്തെ അദ്ദേഹം വിശേഷിപ്പിക്കുന്നത്. പക്ഷേ അദ്ദേഹം ഒന്നു തറപ്പിച്ചുപറയുന്നു- ഹൃദയത്തോടു ചേർത്തു വയ്ക്കാവുന്ന ഒരു ഗെയിമാണിത്. നാടൻ തലപ്പന്തുകളിയുടെ കുറച്ചുകൂടി റിഫൈൻഡായ രൂപമായി വോളിബോളിനെ കാണാം. പെൺകുട്ടികൾ ഏറെ താല്പര്യം പ്രകടിപ്പിക്കുന്ന ഗെയിമുകളിലൊന്നാണിത്. രാജ്യത്തെ ആദ്യ പ്രൊഫഷണൽ വോളിബോൾ താരമായ ജിമ്മി ജോർജ് അടക്കമുള്ളവർ ഈ ഗെയിമിൽ കേരളത്തിനു രാജ്യാന്തര പ്രശസ്തി നേടിത്തന്നു. കേരളം ഇനിയും ഇതിലൂടെ അറിയപ്പെടണം. അതാണു ലീഗ് മത്സരവുമായി സഹകരിക്കാൻ പ്രധാന കാരണം- മമ്മൂട്ടി ചൂണ്ടിക്കാട്ടി.

**വോളിബോൾ മമ്മൂട്ടിയിലൂടെ ജനപ്രിയമാകുമെന്നുറപ്പ്. മമ്മൂട്ടി തന്നെ അതിന് അടിവരയിടുന്നു. ഇതു കളി വേറെയാണ്...!**

കേരള വോളിബോൾ ലീഗ് അഥവാ കെവിഎൽ. രാജ്യത്തു തന്നെ ഇതൊരു പുത്തൻ സംരംഭമാണ്. സംസ്ഥാന വോളിബോൾ അസോസിയേഷനുമായി സഹകരിച്ചു സ്പോട്സ് കൺസൾട്ട് പ്രഖ്യാപിച്ചതാണു ക്രിക്കറ്റിലെ ഇന്ത്യൻ പ്രീമിയർ ലീഗ്(ഐപിഎൽ) പോലെയൊരു വോളിബോൾ ലീഗ്. രാജ്യാന്തരനിലവാരത്തിലുള്ള ഈ ലീഗിൽ ആറു ഫ്രാഞ്ചൈസി ടീമുകൾ. കളികൾ ഒൻപതു ദിവസം. റൗണ്ട് റോബിൻ അടിസ്ഥാനത്തിൽ പരസ്പരം മത്സരം. കെവിഎല്ലിന്റെ ആദ്യ എഡിഷൻ അടുത്തവർഷം ഫെബ്രുവരി 20 മുതൽ 28 വരെ കോഴിക്കോട്ട്.

സംസ്ഥാന സ്പോട്സ് കൗൺസിലിന്റെ പിന്തുണയുള്ള ലീഗിലെ ടീമുകളെ സ്വന്തമാക്കാനുള്ള ബിഡ്ഡിങ്ങിനു തുടക്കമായി. ഡിസംബർ മൂന്നുവരെ ബിഡ് നൽകാം. ഡിസംബർ 12നു ലേലവിജയികളെ പരസ്യപ്പെടുത്തും. ടീമുകളെ സ്വന്തമാക്കിയവർക്ക് അതിന്റെ പേരും ജേഴ്സിയും ലോഗോയും നിശ്ചയിക്കാമെന്നു സ്പോട്സ് കൺൾട്ട് ചീഫ് എക്സിക്യൂട്ടിവ് ഓഫിസർ ജിതേന്ദ്ര ജോഷി. വോളി ബോളിന് അർഹമായ ശ്രദ്ധയും അംഗീകാരവും ലഭിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നുവെന്ന തോന്നലാണ് ഇതുമായി സഹകരിക്കാൻ തങ്ങളെ പ്രേരിപ്പിച്ചതെന്നു കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷൻ പ്രസിഡന്റ് ചാർളി ജേക്കബും സെക്രട്ടറി പ്രൊഫ. നാലകത്ത് ബഷീറും. സർക്കാരിന്റെ എല്ലാ പിന്തുണയും ഉറപ്പാക്കാൻ ശ്രമിക്കുമെന്നു സ്പോട്സ് കൗൺസിൽ പ്രസിഡന്റ് ടി.പി. ദാസൻ.

കേരളത്തിൽ നിന്നും പുറത്തു നിന്നും ജൂനിയർ ടീമുകളിൽ നിന്നുമുള്ള കളിക്കാർ അടങ്ങിയതായിരിക്കും ഓരോ ടീമുകളും. രാജ്യത്തും ഗൾഫ് മേഖലയിലും കളികൾ ലൈവായി ടിവി സംപ്രേഷണവുമുണ്ടാകും. കേവലമൊരു കായികമത്സരം എന്നതിനേക്കാൾ വിനോദവും ഗ്ലാമറും ഒത്തിണങ്ങിയ സ്പോർടെയ്ൻമെന്റ് എന്ന നിലയിലാണു കേരള വോളിബോൾ ലീഗ് ആവിഷ്കരിച്ചിരിക്കുന്നത്.

കേരളത്തിൽ എക്കാലവും വിനോദരംഗവും കായികരംഗവും കൈകോർത്തുനിന്നിട്ടുണ്ട്. അതു തന്നെയാണു വോളിബോൾ ലീഗുമായി സഹകരിക്കാൻ മമ്മൂട്ടിയെ പ്രേരിപ്പിച്ചത്. പുതിയ തലമുറയെ കായികമേഖലയുമായി, പ്രത്യേകിച്ച് വോളിബോൾ പോലെ സവിശേഷതകളേറെയുള്ള കളിയുമായി ബന്ധപ്പെടുത്താൻ തന്നാലാവുന്നതു ചെയ്യുക എന്നതാണു ബ്രാൻഡ് അംബാസഡർ പദവി ഏറ്റെടുത്തതിലൂടെ താരരാജാവ് ലക്ഷ്യമിടുന്നത്. വോളിബോൾ മമ്മൂട്ടിയിലൂടെ ക്രിക്കറ്റിനേക്കാൾ ജനപ്രിയമാകുമെന്നുറപ്പ്. മമ്മൂട്ടി തന്നെ അതിന് അടിവരയിടുന്നു. ഇതു കളി വേറെയാണ്...!




കെവിഎൽ ലോഗൊ മമ്മൂട്ടി പ്രകാശനം ചെയ്യുന്നു. പ്രൊഫ. നാലകത്ത് ബഷീർ, ജിതേന്ദ്ര ജോഷി, ചാർളി ജേക്കബ്, ടി.പി.ദാസൻ എന്നിവർ സമീപം.